**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1646** **16-10-2026-ൽ മറുപടിയ്ക്ക്**

**തിരുവല്ല ട്രാൻസ്പോർട്ട് കോംപ്ലക്സിൽ വാടകക്ക് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** തിരുവല്ലയിലെ ട്രാൻസ്പോർട്ട് കോംപ്ലക്സിൽ മുഴുവൻ മുറികളും വ്യാപാര സ്ഥാപനങ്ങൾക്കായി വിട്ടുനല്കിയിട്ടുണ്ടോ; ഇനി എത്ര സ്ഥാപനങ്ങൾക്ക് കൂടി അവസരമുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിൽ മുഴുവൻ മുറികളും വാടകയ്ക്ക് നൽകിയിട്ടില്ല. ടി കോംപ്ലക്സിൽ 09.10.2026 വരെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളുടെ വിശദീകരണം ചുവടെ ചേർക്കുന്നു:

| Sl. No. | Floor | No. of Spaces | Total Area (sq.ft) |
|---|---|---|---|
| 1 | First Floor | 16 | 6775.93 |
| 2 | Second Floor | 16 | 9691.37 |
| 3 | Third Floor | 10 | 7831.76 |
| 4 | Fourth Floor | 2 | 3486.09 |
| 5 | Eighth Floor | 1 | 14268.21 |

**(ബി)** പ്രസ്തുത കെട്ടിടത്തിൽ വ്യാപാര സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ, വാടകനിരക്ക്, ഗ്യാരണ്ടി ഡിപ്പോസിറ്റ് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** ദിനപത്രങ്ങളിൽ പരസ്യം ചെയ്ത് ഇ-ടെൻഡർ മുഖേനയും Auction-cum-tender മുഖേനയും കടകൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികളാണ് കെ.റ്റി.ഡി.എഫ്.സി. സ്വീകരിക്കുന്നത്. കൂടാതെ ടി മാർഗ്ഗങ്ങളിലൂടെ അല്ലാതെ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ പ്രകാരവും, കെ.റ്റി.ഡി.എഫ്.സി.യുടെ ബോർഡ് അംഗീകരിച്ച rock bottom rate-നും, സെക്യൂരിറ്റി ഡിപ്പോസിറ്റിനും കടമുറികൾ വാടകയ്ക്ക് നൽകി വരുന്നു. കെ.റ്റി.ഡി.എഫ്.സി. ബോർഡ് അംഗീകരിച്ചത് പ്രകാരമുള്ള അടിസ്ഥാന വാടക നിരക്കുകളുടെ വിശദീകരണം ചുവടെ ചേർക്കുന്നു:

| Floor | അടിസ്ഥാന പ്രതിമാസ വാടക നിരക്ക് (sq.ft.-ന്) |
|---|---|
| First Floor | 50/- രൂപ |

| | |
|---|---|
| Second Floor | 40/- രൂപ |
| Third Floor | 25/- രൂപ |
| Fourth Floor | 25/- രൂപ |
| Eighth Floor | 15/- രൂപ |

2500 sq.ft. വരെയുള്ള സ്പേയ്സിന് ആകെ മാസ വാടകയുടെ 10 ഇരട്ടി തുകയും 2500 sq.ft.-ന് മുകളിൽ വരുന്ന സ്പേയ്സിന് ആകെ മാസ വാടകയുടെ 6 ഇരട്ടി തുകയും ആണ് സെക്യൂരിറ്റി ഡിപ്പോസിറ്റായി ഈടാക്കുന്നത്.

**(സി)** പ്രസ്തുത കെട്ടിടത്തിൽ ഇൻഡ്യൻ കോഫീ ഹൗസിനായി മാനദണ്ഡങ്ങളിലും വാടക നിരക്കിലും ഇളവ് നല്കി സ്ഥലം വിട്ടുനല്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുമോ?

**മറുപടി:** അപേക്ഷ ലഭിക്കുന്നപക്ഷം കെ.റ്റി.ഡി.എഫ്.സി.യുടെ ഡയറക്ടർ ബോർഡ് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**